# മാവൂരിന്റെ ബാലപാഠങ്ങൾ

**കെ.അരവിന്ദാക്ഷൻ**

മാവൂരിലെ ഗ്വാളിയോർ റയോൺസ് എന്നന്നേക്കുമായി അടച്ചുപൂട്ടി ചാലിയാറിനെയും തൊട്ടടുത്ത ഗ്രാമങ്ങളിലെ മനുഷ്യരെയും മലിനീകരണത്തിൽനിന്നും അർബുദത്തിൽനിന്നും മോചിപ്പിക്കണമെന്ന് ചാലിയാർ സംരക്ഷണസമിതിയും പരിസ്ഥിതി - മനുഷ്യാവകാശ പ്രവർത്തകരും ആവശ്യപ്പെടുന്നു. എന്നാൽ മലിനീകണ നിയന്ത്രണത്തിനുള്ള ഉപാധികൾ കർക്കശമാക്കി ഫാക്ടറിയുടെ പ്രവർത്തനം തുടരണമെന്ന് തൊഴിലാളികളും അവരുടെ രാഷ്ട്രീയ നേതാക്കളും. മൂവ്വായിരം തൊഴിലാളികളുടെ ജീവിതമാണോ മൂന്നുലക്ഷം മനുഷ്യരുടേയും അവരുടെ ജീവനാധിയായ പുഴയുടേയും പരിസരത്തിന്റേയും അതിജീവനമാണോ ജനകീയമെന്ന് വിളിക്കപ്പെടുന്ന ഭരണകൂടങ്ങൾ കാര്യമാക്കേണ്ടത്.

മാവൂർ റയോൺസിന്റെ അസംസ്കൃതവിഭവം കേരളത്തിന്റെ കാടുകളിൽ അപൂർവമായിക്കൊണ്ടിരിക്കുന്ന ഈറ്റയും മുളയുമാണ്. മാർക്സിസ്റ്റു കമ്യൂണിസ്റ്റ് പാർട്ടിയുടെ എല്ലാമായിരുന്ന ഇ.എം.എസ്. തന്നെയാണ് മാവൂർ റയോൺസിന് തുച്ഛമായ വിലയ്ക്ക് അസംസ്കൃതവിഭവങ്ങൾ കൊടുക്കാൻ ഏർപ്പാടാക്കിയത്. ഫാക്ടറി നമ്മുടെ കാടുകളുടെ അസംസ്കൃതവിഭവങ്ങൾ മുടിക്കുക മാത്രമല്ല ചെയ്യുന്നത് ആ പ്രവർത്തനത്തിലൂടെ ഉണ്ടാകുന്ന മാരകമായ അവശിഷ്ടങ്ങൾ ചാലിയാർ പുഴയിലേക്ക് തള്ളി വെള്ളത്തിന്റെ പരിസ്ഥിതിയിൽ സന്തുലിതാവസ്ഥയെ നശിപ്പിക്കുകയും പുഴയുമായി ബന്ധപ്പെട്ട് ജീവിക്കുന്ന മനുഷ്യരുടെ ജീവിതങ്ങൾ കാർന്നുതിന്നുകയുമാണ്. കാൽനൂറ്റാണ്ടായി നടന്നുവരുന്ന ഈ അറുംകൊല സ്മാന്യബോധമുള്ള ഏത് രാഷ്ട്രീയക്കാരനും അധികാരിക്കും അറിയാവുന്നതാണ്. ഇടതുപക്ഷത്തിനാണെങ്കിൽ ഒപ്പം നിൽക്കുന്ന ശാസ്ത്ര - സാഹിത്യ പരിഷത്തും കേരളത്തിലുടനീളമുള്ള ശാസ്ത്രജ്ഞന്മാരും ഉണ്ട്. കോൺഗ്രസ് മുന്നണിക്കുമുണ്ട് ദേശീയവേദിയും ശാസ്ത്രജ്ഞന്മാരും. ചുരുക്കത്തിൽ രാഷ്ട്രീയക്കാർക്കും അധികാരികൾക്കും ശാസ്ത്ര സാങ്കേതിക വിദഗ്ധർക്കും മാവൂർ റയോൺസ് പ്രശ്നം വളരെ സ്പഷ്ടമാണ്. കേരളത്തിലെ ജനങ്ങൾക്കും അറിയാം. മാവൂർ റയോൺസ് ഒരു ഓസ്വിന്സ് കൂടാരമാണ്. ഫാക്ടറിയുടെ അടുത്തുള്ള ഗ്രാമങ്ങളിലെ മനുഷ്യർ അർബുദരോഗികളായി മരിച്ചുകൊണ്ടിരിക്കുന്ന വിവരവും എല്ലാവർക്കും അറിയാം. എന്നിട്ടും എന്തുകൊണ്ട് സർക്കാർ ഫാക്ടറി അടച്ചുപൂട്ടുന്നില്ല? ഇടതുപക്ഷ തൊഴിലാളി സംഘടനകൾ ഒന്ന് ഞൊടിച്ചാൽ ഫാക്ടറി നിർത്തേണ്ടതാണ്. അതുപോലെതന്നെ വലതുപക്ഷ സംഘടനകളും. എന്തുകൊണ്ട് കാലകാലങ്ങളിലായി നടന്ന സമരങ്ങളൊന്നും തന്നെ ഫാക്ടറി അടച്ചുപൂട്ടുന്നതിൽ വിജയിച്ചില്ല? ചാലിയാർ ഗ്രാമങ്ങളിൽ എത്ര മനുഷ്യരുടെ ജീവനൊടുങ്ങി? വസ്തുതകൾ പകൽപോലെ സ്പഷ്ടമായിട്ടും നിസ്സഹായമായി കൈകാലിട്ടടിക്കുന്ന മനുഷ്യരുടെ അവസ്ഥ?

മാവൂർ കേരളീയന്റെ യഥാർത്ഥത്തിലുള്ള എക്സ്റേ ചിത്രമാണ്. കഴിഞ്ഞ അരനൂറ്റാണ്ടായി ഇടതു - വലതു കക്ഷികളിലൂടേയും അവരുടെ ആചാര്യന്മാരിലൂടേയും നിരവധി സംഘടനകളിലൂടേയും നമ്മുടെ മനസ്സിൽ വേരുറഞ്ഞിട്ടുള്ള വികസന സങ്കല്പത്തിന്റെ ദുരന്തമാണ് മാവൂർ. സമൂഹത്തിലെ ഏറ്റവും അടിത്തട്ടിലുള്ളവരുടെ അതിജീവനത്തിനായി ഉപയോഗിക്കുന്ന മുളയും ഈറ്റയുമാണ്, അതേ സമൂഹത്തിന്റെ തന്നെ ജീവനും നിലനില്പിനും ഭീഷണിയായി മാറുന്നത് ( ഈറ്റയും മുളയും ഫാക്ടറിയിലൂടെ വിഷമയമായി പുഴയിലെത്തി മനുഷ്യരെ പിടികൂടുന്നു) ആരാണ് ഈ വികസനത്തിലൂടെ, പച്ചയായ ചൂഷണത്തിലൂടെ തടിച്ചുകൊഴുക്കുന്നത്? ഒരു വൻകിട മുതലാളിയും അയാളോടൊപ്പം നിൽക്കുന്ന കരാറുകാരും ഇടനിലക്കാരും. വികസനത്തിന്റെ പേരിൽ ഈ ചൂഷണത്തെ താങ്ങിനിർത്തുകയും സമൂഹത്തിന്റെ പരിസ്ഥിതിയെയും മനുഷ്യരെയും നിരന്തരം ഒറ്റിക്കൊടുക്കുകയും ചെയ്യുകയെന്ന നീചകർമ്മമാണ് ഭരണകൂടങ്ങളും രാഷ്ട്രീയക്കാരും തൊഴിലാളിസംഘടനകളും അവരുടെ ശാസ്ത്രജ്ഞന്മാരും അനുഷ്ഠിക്കുന്നത്. കേരളത്തിന്റെ മറ്റ് വ്യവസായശാലകളുടെ അവസ്ഥ പരിശോധിച്ചാലും കിട്ടുന്നത് ഏറെക്കുറെ ഇതേ ചിത്രമായിരിക്കും. പരിസ്ഥിതി വിരുദ്ധമായ മനുഷ്യവിരുദ്ധമായ ഒരു വികസനത്തിന്റെ ചിത്രം.

നമ്മുടെ ട്രേഡ് യൂണിയൻ സംസ്കാരത്തിന്റെ തനിനിറവും മാവൂർ അനാവരണം ചെയ്യുന്നുണ്ട്. ഇതിൽ ഇടതെന്നോ വലതെന്നോ ഭേദമില്ല? മൂവായിരം സംഘടിത തൊഴിലാളികളുടെ തൊഴിലവസരങ്ങളാണോ അസംഘടിതരായ മൂന്നുലക്ഷം മനുഷ്യരുടെ അതിജീവനവും വിലമതിക്കാനാവാത്ത പരിസ്ഥിതിയുടെ നിലനില്പുമാണോ പ്രധാനം? ഈ തൊഴിലാളി സംസ്കാരം മദ്യനിരോധനത്തിലും പാടശേഖരങ്ങൾ ഇഷ്ടികക്കളങ്ങളാകുന്നതിലും കുന്ന് ഇടിച്ച് നിരത്തുന്നതിലും വില്ലേജ് ഓഫീസർ മുതൽ സെക്രട്ടേറിയറ്റ് വരെയുള്ള അഴിമതിയിലും കാണാനാവും. കേരളത്തിന്റെ സംഘടിത തൊഴിലാളിവർഗം ചൂഷണത്തിന്റേയും അഴിമതിയുടേയും പരിസ്ഥിതി നശീകരണത്തിന്റേയും കൂട്ടിക്കൊടുപ്പുകാരാണ്. അപ്പപ്പോൾ കിട്ടുന്ന ചില്ലിക്കാശാണ് അവർക്ക് സ്വന്തം സഹോദരന്റെ ജീവനേക്കാളും മണ്ണിന്റെ നിലനില്പിനേക്കാളും കേമമായിട്ടുള്ളത്.

മറ്റൊരു പ്രസക്തികൂടി മാവൂർ വെളിച്ചത്ത് കൊണ്ടുവരുന്നുണ്ട്.

വിഭവങ്ങളുടെ - ജലം, ഈറ്റ, മുള, മണ്ണ്, വായു തുടങ്ങിയവ - യഥാർത്ഥ അവകാശികൾ വൻകിട കുത്തകകളോ അതോ സമൂഹത്തിലെ അധഃസ്ഥിതരും സാധാരണക്കാരുമോ? വിഭവങ്ങളുടെ മേൽ ആർക്കാണവകാശം? ഈ അവകാശം ഇനിയും കുത്തകകൾക്ക് പണയംവെക്കേണ്ടിവരുമോ? ഇതായിരിക്കും, കേരളത്തിലെ ദളിത് - ആദിവാസി സമൂഹം നേരിടുന്ന വെല്ലുവിളികളിൽ ഒന്ന്.

ഇടതു-വലതുപക്ഷങ്ങൾ ഒന്നിക്കുന്ന ഭരണവർഗം - സ്റ്റെയിറ്റ് - ചൂഷകരുടേയും മർദ്ദകരുടേയും കൂടെയാണ്. അതിജീവനത്തിന് ആവശ്യമായ വിഭവങ്ങൾ ദളിത് - അധഃസ്ഥിതി വിഭാഗങ്ങളിൽനിന്ന് അടർത്തിമാറ്റി, ചൂഷകനും കുത്തകയ്ക്കും നൽകുന്നത് ഇവരാണ്. ഇവരുടെ ശാസ്ത്രജ്ഞരും തൊഴിലാളി നേതാക്കളും ഇതിനെ കുറ്റമറ്റതാക്കുന്നു. ഈ ചൂഷണവ്യവസ്ഥയെ.

ജീവവായു, ജലം, വിഭവങ്ങൾ തുടങ്ങിയവയുടെ നിഷേധവും തമസ്കരണവും നശീകരണവും മനുഷ്യാവകാശ ധ്വംസനങ്ങളാണ്. ജനാധിപത്യത്തിന്റെ ഇടങ്ങളെയാണ് ഇത് വേട്ടയാടിപ്പിടിക്കുന്നത്. ചാലിയാർ ഗ്രാമങ്ങളിലെ മനുഷ്യരുടെ ജീവനാവശ്യമായ വായുവും ജലവും വിഭവങ്ങളും മലിനീകരിക്കുന്നതിലൂടെ ജനാധിപത്യത്തിലെ ജീവിക്കാനുള്ള അധികാരത്തെയും അവകാശത്തെയും നിഷേധിക്കുകയാണ്.

മാവൂരിന്റേത് വെറുമൊരു മലിനീകരണ പ്രശ്നമല്ല എന്ന് കാണിക്കുവാനാണ് ഈ കുറിപ്പ്. ഒറ്റവാക്കിൽ മനുഷ്യന്റെ നിലനില്പിന്റേയും ജനാധിപത്യത്തിന്റേയും പ്രശ്നമാണ്. പക്ഷേ, ഇത്രയൊക്കെ ഇതിനെപ്പറ്റിയറിഞ്ഞിട്ടും എന്തുകൊണ്ട് ഈ ചൂഷണവും ഒറ്റും തുടരുന്നു? തുടരാൻ അനുവദിക്കപ്പെടുന്നു? ഇതിൽനിന്നും മോചനം നേടാത്തവർ മയക്കിക്കിടത്തപ്പെട്ടിരിക്കുകയാണോ? ഇത് വിധിയാണെന്ന് കരുതാതിരിക്കാനുള്ള സാക്ഷരതയെങ്കിലും കേരളീയൻ നേടിയിട്ടുണ്ടല്ലോ? അതോ ഈ സാക്ഷരതയിലൂടെ നേടിയ ആർത്തിയുടേയും സ്വാർത്ഥതയുടേയും തോടുകൾ പൊട്ടിക്കാൻ കഴിയാഞ്ഞിട്ടാണോ? അതുമല്ലെങ്കിൽ ഈ ആർത്തി തന്നെയോ നമ്മുടെ ജീവിതവും നിലനില്പും? മാവൂർ റയോൺസ് അടച്ചുപൂട്ടുന്നതിനൊപ്പം നമ്മുടെ ആർത്തിയുടെ കടലുകളും തടഞ്ഞുനിർത്തേണ്ടതില്ലേ?